# പ്രവാചക ദൗത്യവും അമാനുഷ ദൃഷ്ടാന്തവും

മുഴുവന്‍ ജനങ്ങളെയും അഭിസംബോധന ചെയ്യുന്ന വിശുദ്ധ ഖുര്‍ആനില്‍നിന്നും വ്യത്യസ്തമായി ബൈബിള്‍ പഴയ നിയമവും പുതിയ നിയമവും മുഖ്യമായും ഇസ്രാഈലീ ജനതയെയാണ് അഭിസംബോധന ചെയ്യുന്നത്. ഇതുതന്നെ മുഹമ്മദ് നബി(സ)യുടെ ദൗത്യം മുഴുവന്‍ ജനതതികള്‍ക്കുമുള്ളതാണെന്നും എന്നാല്‍ യേശുവും മോശയും ഉള്‍പ്പെടെ മുഴുവന്‍ ഇസ്രാഈലീ പ്രവാചകന്മാരുടെയും ദൗത്യം ഇസ്രാഈല്‍ ഗൃഹത്തില്‍ പരിമിതമാണെന്നും വ്യക്തമാക്കുന്നു.

പഠനം ● പി.പി അബ്ദുര്‍റസ്സാഖ് പെരിങ്ങാടി

**മനുഷ്യസമൂഹത്തെ** സ്വാധീനിച്ച ഇതര വ്യക്തിത്വങ്ങളുമായി താരതമ്യം ചെയ്യുമ്പോള്‍, മുഹമ്മദ് നബിയുടെ ജീവിതം പോലെ അതിസൂക്ഷ്മതലങ്ങള്‍ പോലും രേഖപ്പെടുത്തപ്പെട്ട ജീവചരിത്രങ്ങള്‍ കാണാന്‍ സാധ്യമല്ല. വിശുദ്ധ ഖുര്‍ആനിലാവട്ടെ, മുഹമ്മദ് നബിയുടെ ചരിത്രം പോയിട്ട് നാമം പോലും വളരെ വിരളമായി മാത്രമേ പരാമര്‍ശിക്കപ്പെട്ടിട്ടുള്ളൂ. മുഹമ്മദ് നബിയോളം സ്വാധീനിച്ചില്ലെങ്കിലും, ലോകത്തെയും ചരിത്രത്തെയും സ്വാധീനിച്ച നിരവധി വ്യക്തിത്വങ്ങള്‍ വിഗ്രഹവത്കരിക്കപ്പെടുകയും അവരുടെ പ്രതിമകള്‍ ആരാധനക്കു വേണ്ടി കെട്ടിയുയര്‍ത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരൊറ്റ സെക്യുലര്‍ വിഗ്രഹഭഞ്ജകനും തന്റെ പ്രതിമ കെട്ടിപ്പൊക്കുന്നതിനെയും തന്നെ വിഗ്രഹമാക്കുന്നതിനെയും എതിര്‍ത്തിരുന്നില്ല എന്നതാണ് വിരോധാഭാസം. എന്നാല്‍ മരണത്തിനു മുമ്പ്,തന്നെ വിഗ്രഹവത്കരിക്കുന്നതിനെയും തന്റെ പ്രതിമ നിര്‍മിക്കുന്നതിനെയും ഖബറിടം കെട്ടിപ്പൊക്കുന്നതിനെയും വിലക്കിയ മുഹമ്മദ് നബിയുടെ ഒരൊറ്റ പ്രതിമയും ചിത്രവും കാണാനാവില്ല എന്നതുപോലെതന്നെ അത്ഭുതപ്പെടുത്തുന്നതാണ്, അദ്ദേഹത്തെ പോലെ അനുകരിക്കപ്പെടുകയും പിന്തുടരപ്പെടുകയും ചെയ്യുന്ന ഒരൊറ്റ വ്യക്തിത്വത്തെയും മാനവചരിത്രത്തില്‍ കാണാന്‍ സാധിക്കില്ല എന്നതും. നിര്‍ഭാഗ്യകരമെന്നു പറയട്ടെ, തന്റെ ജീവിതവിശുദ്ധി കൊണ്ട് ഏറ്റവും അടുത്തവരിലും വളരെ അകന്നവരിലും ഒരുപോലെ ആദരവും സ്നേഹവും ബഹുമാനവും പിടിച്ചുപറ്റിയ മുഹമ്മദ് നബിയോളം സ്വഭാവഹത്യക്ക് വിധേയനായ ഒരു മഹാവ്യക്തിത്വവും ചരിത്രത്തിന് പരിചയമില്ല എന്നതും വിരോധാഭാസമായി തോന്നാമെങ്കിലും ഒരു വസ്തുതയാണ്.

മോശയുടെ പേരില്‍ ഒരധ്യായം വിശുദ്ധ ഖുര്‍ആനിലില്ലെങ്കിലും, വിശുദ്ധ ഖുര്‍ആനില്‍ ഏറ്റവും കൂടുതല്‍ പരാമര്‍ശിക്കപ്പെട്ട നാമം മോശയുടേതും ചരിത്രം അദ്ദേഹത്തിന്റെ ജനതയായ ഇസ്രാഈല്യരുടേതുമാണ്. യേശുവും ദൈവാനുമതിയോടു കൂടിയ അദ്ദേഹത്തിന്റെ അമാനുഷ കൃത്യങ്ങളും വിശുദ്ധ ഖുര്‍ആനില്‍ വളരെ സമൃദ്ധമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. യേശുവിന്റെ മാതാവ് കന്യാമറിയത്തെ മാനവസമൂഹത്തിന്നാകമാനം മാതൃകയായി ചിത്രീകരിക്കുന്ന വിശുദ്ധ ഖുര്‍ആന്‍, യേശുവിന്റെ അമാനുഷ ജനനം, തന്റെ മാതാവിനെ പ്രതിരോധിച്ചുകൊണ്ടും തന്റെ പ്രവാചകത്വം ഉദ്ഘോഷിച്ചുകൊണ്ടും ശിശുവായിരിക്കെ തൊട്ടിലില്‍നിന്നും സംസാരിച്ചത്, ഇസ്രാഈലീ ജനത അദ്ദേഹത്തോട് കാട്ടിയ അനാദരവും അക്രമവും, റോമക്കാരുമായി ചേര്‍ന്നുകൊണ്ട് ഇസ്രാഈല്യര്‍ അദ്ദേഹത്തെ കുരിശിലേറ്റാനും വധിക്കാനും നടത്തിയ ശ്രമം, ദൈവം അദ്ദേഹത്തെ കുരിശുസംഭവത്തിനു മുമ്പുതന്നെ ആകാശത്തേക്ക് ഉയര്‍ത്തിയത്,

നമ്മെ പോലുള്ള പിൽക്കാല തലമുറയെ സംബന്ധിച്ചേടത്തോളം യേശുവും മോശയും പോലുള്ള പ്രവാചകൻമാർ, ജനങ്ങൾ അവരുടെ പ്രവാചകത്വത്തിൽ വിശ്വസിക്കേണ്ടതിനു തെളിവായി അമാനുഷ ദൃഷ്ടാന്തങ്ങൾ കാണിച്ചുവെങ്കിൽ, പിൽക്കാലക്കാർക്കും അതുപോലെ വിശ്വസിക്കാൻ തെളിവായി ആ അമാനുഷ കാര്യങ്ങൾ എവിടെയെന്ന് ന്യായമായും ചോദിക്കാവുന്നതാണ്.

എല്ലാം ഖണ്ഡിതമായും വിശദമായും വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു.

ഇരുപത്തഞ്ച് പ്രവാചകന്മാരെ വിശുദ്ധ ഖുർആൻ പേരെടുത്ത് പരാമർശിക്കുന്നു. അതിൽ ചുരുക്കം ചില പ്രവാചകന്മാരുടെ അമാനുഷ കൃത്യങ്ങൾ മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. ഇവയിൽ ഏറ്റവും കൂടുതൽ പരാമർശ വിധേയമായത് മോശക്കും യേശുവിനും നൽകപ്പെട്ട അമാനുഷ കൃത്യങ്ങളാണ്. ബൈബിളും മോശയുടെയും യേശുവിന്റെയും അമാനുഷകൃത്യങ്ങളെ ധാരാളമായി പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ യേശുവും മോശയുമുൾപ്പെടെ ഇതര പ്രവാചകന്മാർക്ക് നൽകപ്പെട്ട ദൈവാനുമതിയോടുകൂടിയ അമാനുഷ ദൃഷ്ടാന്തങ്ങളെ അവരുടെ പ്രവാചകത്വത്തിനുള്ള തെളിവായിട്ടാണ് അവതരിപ്പിക്കുന്നത്. ഈ അർഥത്തിൽ മുഹമ്മദിന്(സ) തന്റെ പ്രവാചകത്വത്തിനുള്ള തെളിവെന്ന നിലയിൽ നൽകപ്പെട്ട ഏക അമാനുഷ ദൃഷ്ടാന്തം വിശുദ്ധഖുർആൻ മാത്രമാണ്. എന്തുകൊണ്ട് മുഹമ്മദി(സ)ന്റെ പ്രവാചകത്വത്തിന്റെ തെളിവായി വിശുദ്ധ ഖുർആൻ നൽകപ്പെട്ടു? എന്തുകൊണ്ടത് മോശ-യേശു ഉൾപ്പെടെയുള്ള ഇതര പ്രവാചകന്മാർക്ക് നൽകപ്പെട്ടതുപോലുള്ള ദൈവാനുമതിയോടുകൂടിയ അമാനുഷ കൃത്യങ്ങളായില്ല? ഇതിന്റെ ഉത്തരം പറയുന്നതിനു മുമ്പ് യേശുവിന്റെ ദൗത്യ സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നത് പുതിയ നിയമവുമായി താരതമ്യം ചെയ്യുന്നത് മുകളിൽ ഉന്നയിച്ച ചോദ്യത്തിന്റെ ഉത്തരത്തിന് ഒരു പ്രാമാണിക മുഖവുരയായി വർത്തിക്കുമെന്ന് കരുതുന്നു.

വിശുദ്ധ ഖുർആൻ രണ്ട് തലങ്ങളിൽ യേശുവിന്റെ ദൗത്യം പരിമിതപ്പെടുത്തുന്നു: "മർയമിന്റെ പുത്രൻ യേശു പറഞ്ഞ സന്ദർഭം ഓർക്കുക! ഇസ്രാഈൽ സന്തതികളേ, ഞാൻ നിങ്ങളിലേക്കയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാകുന്നു. ഞാൻ എനിക്കുമുമ്പ് മൂസാക്ക് നൽകപ്പെട്ടതിനെ സത്യപ്പെടുത്തുകയും എനിക്കുശേഷം വരാനിരിക്കുന്ന 'അഹ്മദ്' എന്ന് പേരുള്ള ഒരു ദൂതനെ സംബന്ധിച്ച് സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുന്നു" (വി.ഖു. 61:6). ഇതിൽ പറയപ്പെട്ട ഇപ്പോൾ പ്രസക്തമായ മൂന്ന് കാര്യങ്ങളെ ബൈബിൾ പുതിയ നിയമത്തിലൂടെ നോക്കിക്കാണേണ്ടതുണ്ട്.

1. മുകളിലുദ്ധരിച്ച ഖുർആൻ സൂക്തത്തിൽ യേശു താൻ ദൈവത്തിൽനിന്നുള്ള ദൂതനും പ്രവാചകനുമാണെന്ന് അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു. പ്രവാചകൻ മനുഷ്യനാണെന്ന് വിശുദ്ധ ഖുർആൻ മറ്റു നിരവധി സ്ഥലങ്ങളിൽ വ്യക്തമാക്കിയതാണ്.

യേശു മനുഷ്യനായ പ്രവാചകനാണെന്നാണ് യേശുവിന്റെ അഭിസംബോധിതർ മനസ്സിലാക്കിയിരുന്നതെന്ന് ബൈബിൾ പുതിയ നിയമത്തിൽനിന്ന് വ്യക്തമാണ്. യേശു ദൈവാനുമതിയോടുകൂടി മരിച്ചവരെ ജീവിപ്പിച്ചു സംസാരിപ്പിച്ച സന്ദർഭത്തിൽ പോലും പുരുഷാരം പറഞ്ഞതായി ലൂക്കോസ് ഉദ്ധരിക്കുന്നത് 'ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു' (ലൂക്കോസ് 7:17) എന്നാണ്. യേശു യരൂശലേമിൽ പ്രവേശിച്ചപ്പോൾ ആർത്തിളകിയ നഗരത്തിലെ ജനങ്ങളിൽ ചിലർ 'ഇവൻ ആര്' എന്ന് ചോദിച്ചപ്പോഴും പുരുഷാരം നൽകിയ മറുപടി 'ഇവൻ ഗലീലിയയിലെ നാസറെത്തിൽനിന്നുള്ള പ്രവാചകനായ യേശു'(മത്തായി 21:11) എന്നായിരുന്നു. എഴുന്നേറ്റു നടക്കാൻ സാധിക്കാതിരുന്ന പക്ഷവാതക്കാരനോട് 'എഴുന്നേറ്റ്, കിടക്ക എടുത്ത് വീട്ടിൽ പോക' എന്ന് പറഞ്ഞു. അവൻ എഴുന്നേറ്റു വീട്ടിൽ പോയപ്പോൾ ഭയചകിതരായ പുരുഷാരം ചെയ്തത്, 'ഇങ്ങനെയുള്ള അധികാരം മനുഷ്യന് കൊടുത്ത ദൈവത്തെ മഹത്തപ്പെടുത്തുക'യായിരുന്നു (മത്തായി 9:7,8). യേശു തന്നെയും അവകാശപ്പെട്ടിരുന്നത് താൻ പ്രവാചകനാണെന്നായിരുന്നു. യഹൂദരുമായി വാദപ്രതിവാദമോ സംവാദമോ നടത്തവെ യേശു യഹൂദരോട് പറയുന്നതായി യോഹന്നാൻ ഉദ്ധരിക്കുന്നു: "നിങ്ങൾ അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു. എന്നാൽ ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു" (യോഹന്നാൻ 8:40). യോഹന്നാൻ സുവിശേഷത്തിൽ തന്നെ 12-ാം അധ്യായത്തിൽ 49, 50 സൂക്തങ്ങളിൽ യേശു പറയുന്നു: "ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നത് പറയണമെന്നും ഇന്നത് സംസാരിക്കണമെന്നും കൽപന തന്നിരിക്കുന്നു. അവന്റെ കൽപന നിത്യജീവൻ എന്ന് ഞാൻ അറിയുന്നു." യോഹന്നാൻ 5:30-ൽ യേശു പറയുന്നു: "എനിക്കു സ്വതേ ഒന്നും ചെയ്യാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നത് പോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്യുവാൻ ഇഛിക്കുന്നത് എന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതാവുന്നു." 'വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നതെങ്ങനെ?' എന്ന യഹൂദന്മാരുടെ ചോദ്യത്തിന് യേശു ഉത്തരം പറയുന്നു: "എന്റെ ഉപദേശം എന്റേതല്ല; എന്നെ അയച്ചവന്റേതത്രെ" (യോഹന്നാൻ 7:16).

2. ഖുർആനികമായി യേശു ഇസ്രാഈലീ ജനതയിലേക്ക് നിയോഗിതനായ ദൂതനായിരുന്നു. അതുതന്നെ പ്രസക്തമായിട്ടുള്ളത് മുഴുവൻ മനുഷ്യരാശിക്കുമായി വാഗ്ദത്തം ചെയ്യപ്പെട്ട 'അഹ്മദ്' എന്ന നാമത്തിലുള്ള മറ്റൊരു പ്രവാചകന്റെ ആഗമനം വരെ മാത്രം. അങ്ങനെ യേശുവിന്റെ ദൗത്യം ഒരു നിശ്ചിത സ്ഥലത്തും നിശ്ചിത സമൂഹത്തിലും നിശ്ചിത കാലത്തേക്കും ഖുർആൻ പരിമിതപ്പെടുത്തുന്നു. പുതിയ നിയമത്തിൽ അതിന്റെ നിലവിലുള്ള പതിപ്പുകളിൽ പോലും യേശുവിന്റെ നിരവധി വചനങ്ങൾ ഖുർആൻ പ്രസ്താവിച്ച അതേ വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

തന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായതിന്റെ പേരിൽ നിലവിളിച്ചു വരികയായിരുന്ന സീദോൻ പ്രദേശത്തെ കന്യാസ്ത്രീയോടും അവളെ പറഞ്ഞയക്കണമേ എന്ന് അപേക്ഷിക്കുന്ന തന്റെ ശിഷ്യന്മാരോടും യേശു പറഞ്ഞു: "ഇസ്രാഈൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലല്ലാതെ എന്നെ അയച്ചിട്ടില്ല" (മത്തായി 15:24). തുടർന്ന് യേശു പറഞ്ഞതായി മത്തായി ഉദ്ധരിക്കുന്നു: "മക്കളുടെ (ഇസ്രാഈലീ ജനതതി) അപ്പം എടുത്ത് നായക്കുട്ടികൾക്ക് (ഇസ്രാഈല്യേതരരായ ജനവിഭാഗങ്ങൾ)

ഇട്ടു കൊടുക്കുന്നത് നന്നല്ല” (മത്തായി 15:26). മത്തായി 7:6-ൽ ഇങ്ങനെ വായിക്കാം: “വിശുദ്ധമായത് നായകൾക്ക് (ഇസ്രാഈല്യരല്ലാത്ത ജനവിഭാഗം) കൊടുക്കരുത്. നിങ്ങളുടെ മുത്തുകളെ പന്നികളുടെ (ഇസ്രാഈല്യരല്ലാത്ത ജനവിഭാഗം) മുമ്പിൽ ഇടുകയും ചെയ്യരുത്”. ദൗത്യം ഇസ്രാഈൽ വംശത്തിൽ പരിമിതമാണെങ്കിലും, മഹാപ്രവാചകനായ യേശു തന്റെ വംശമല്ലാത്ത ഇതര വംശത്തിൽപെടുന്ന ജനതതികളെ പട്ടികളും പന്നികളുമായി വിശേഷിപ്പിക്കുമെന്നോ അല്ലെങ്കിൽ അങ്ങനെ വിശേഷിപ്പിക്കാൻ യേശുവിന് സാധിക്കുമെന്നോ വിശ്വസിക്കുന്നില്ല. ബൈബിൾ പുതിയ നിയമമനുസരിച്ചു പോലും യേശുവിന്റെ ദൗത്യം വിശുദ്ധ ഖുർആൻ പറഞ്ഞതുപോലെ ഇസ്രാഈലീ സമൂഹത്തിൽ പരിമിതമായിരുന്നുവെന്ന് സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് ഈ വാക്യങ്ങൾ ഉദ്ധരിച്ചത്.

“ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചു ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കൽ പോകുകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്ക കൊണ്ട് ന്യായവിധിയെക്കുറിച്ചുംതന്നെ. ഇനിയും വളരെ നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ നിങ്ങൾക്കിപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയം സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്ത്വപ്പെടുത്തും'' (യോഹന്നാൻ 16:7-14). ഇതിൽ യേശു അദ്ദേഹത്തിന്റെ ദൗത്യം ന്യായവിധിയും നീതിയുമൊക്കെ നടത്തുന്ന സത്യത്തിന്റെ ആത്മാവും കാര്യസ്ഥനുമായ മറ്റൊരു പ്രവാചകൻ വരുന്നതുവരെ മാത്രമാണെന്ന് വ്യക്തമായും സൂചിപ്പിക്കുന്നു.

‘ഞാൻ പോകുന്നു’വെന്നത് അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ കാലസംബന്ധിയായ പരിധിയെ കൂടിയാണ് സൂചിപ്പിക്കുന്നത്. ‘കാര്യസ്ഥനെ’ന്നും ‘സത്യത്തിന്റെ ആത്മാവെ’ന്നും ഇവിടെ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്ന പദം പുതിയ നിയമത്തിന്റെ മൂലഭാഷയിൽ എന്തായിരുന്നുവെന്നത് പരിചിന്തനമർഹിക്കുന്ന വിഷയമാണ്. വിശുദ്ധ ഖുർആൻ അറബിഭാഷയിൽ ‘വാഴ്ത്തപ്പെട്ടവൻ’, ‘പുകഴ്ത്തപ്പെട്ടവൻ’ എന്നൊക്കെ അർഥങ്ങളുള്ള ‘അഹ്മദ്’ എന്ന പദത്തിന് സമാനമായ പദമായിരുന്നു, യേശു ഉപയോഗിച്ചിരുന്നത് എന്ന് അവകാശപ്പെടുന്ന പശ്ചാത്തലത്തിൽ വിശേഷിച്ചും. ഇത്തരത്തിലുള്ള സൂക്തങ്ങൾ പുതിയ നിയമത്തിൽ കുറച്ചൊന്നുമല്ല ഉള്ളത്. ഉദാഹരണത്തിന് യോഹന്നാൻ സുവിശേഷത്തിന്റെ തന്നെ 14,15,16 അധ്യാപനങ്ങൾ നിരവധി തവണ വ്യത്യസ്ത ശൈലികളിലായി ഇതേ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്.



യേശുവും മോശയുമുൾപ്പെടെ മുഹമ്മദ് നബിക്കുമുമ്പ് ആഗതരായ പ്രവാചകന്മാരുടെയെല്ലാം ദൗത്യം അവരുടെ കാലത്തിനും സ്ഥലത്തിനും സമൂഹത്തിനും പരിമിതമായതിനാലായിരുന്നു അവർക്കൊക്കെ വടിയും പ്രകാശിക്കുന്ന കൈയും പാറയിൽനിന്നുള്ള ഒട്ടകവും ദൈവാനുമതിയോടെ സ്പർശനം കൊണ്ട് അന്ധതയും പാണ്ട് രോഗവും മാറ്റലും അഞ്ചുമത്സ്യം കൊണ്ട് അയ്യായിരം പേരെ ഊട്ടലും, മരിച്ചവനെ ജീവിപ്പിക്കലും അമാനുഷ ദൃഷ്ടാന്തങ്ങളായി നൽകപ്പെട്ടത്.

യേശുവിന്റെ ദൗത്യത്തിന്റെ സ്ഥല-കാല-സമൂഹപരമായ പരിമിതിയെയാണ് വിശുദ്ധ ഖുർആനിലെയും ബൈബിൾ പുതിയ നിയമത്തിലെയും മുകളിലുദ്ധരിച്ച സൂക്തങ്ങൾ സൂചിപ്പിച്ചത്. യേശുവിന്റെ ദൗത്യം ലോകവ്യാപകമാണെന്നും അന്ത്യനാൾ വരേക്കുമുള്ളതാണെന്നും ദ്യോതിപ്പിക്കുന്ന ഒരു വചനവും ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റെ തിരോധാനത്തിന് മുമ്പ് യേശു പറഞ്ഞതായി കാണുന്നില്ല. പിന്നെയുള്ള മാർക്കോസ് 16-ാം അധ്യായത്തിലെ 9-20 വരെയുള്ള സൂക്തങ്ങളാവട്ടെ യേശുവിന്റെ കൽപിത കുരിശാരോഹണത്തിനു ശേഷം, ശവക്കല്ലറയിൽനിന്നുള്ള ആരോപിത ഉയിർത്തെഴുന്നേൽപിന്റെ സമയത്ത് അദ്ദേഹം പറഞ്ഞുവെന്നവകാശപ്പെടുന്നതാണ്. അതാകട്ടെ പല കാരണങ്ങളാൽ വിശ്വാസയോഗ്യവുമല്ല. യേശു തന്റെ ജീവിതകാലത്ത് അഭിസംബോധന ചെയ്ത ജനങ്ങളോട് പറഞ്ഞതിന് വിരുദ്ധവുമാണത്. അത് ഇതര സുവിശേഷങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുമില്ല. മാത്രവുമല്ല പുതിയ അമേരിക്കൻ സ്റ്റാൻഡാർഡ് ബൈബിളിലൊക്കെ പ്രസ്തുത സൂക്തങ്ങൾ ബ്രാക്കറ്റുകൾക്കിടയിൽ കൊടുക്കുകയും മാർക്കോസിന്റെ തന്നെ പഴയ കൈയെഴുത്തു പ്രതികളിലൊന്നും ആ സൂക്തങ്ങൾ കാണാനില്ലെന്ന് അടിക്കുറിപ്പ് നൽകുകയും ചെയ്തിരിക്കുന്നു. പിന്നെ, യേശുവിന്റെ കുരിശുമരണവും അതിനെ തുടർന്നുള്ള ഉയിർത്തെഴുന്നേൽപും തന്നെ ഖുർആനികമായും മറ്റും ചരിത്രപരമായി സംഭവിച്ചിട്ടില്ലാത്തതും തിയോളജിക്കലായി സംഭവിക്കേണ്ട ആവശ്യമില്ലാത്തതും ധാർമികമായി സംഭവിക്കാൻ പാടില്ലാത്തതുമായ കാര്യങ്ങൾ ആയിരിക്കെ, അതിനെ ആശ്രയിച്ചു നിൽക്കുന്ന ഈ സൂക്തങ്ങളും സ്വാഭാവികമായും സംഭവിച്ചിട്ടില്ലാത്തതായിത്തീരുന്നു.

മറ്റൊരു ശ്രദ്ധേയമായ കാര്യം, മുഴുവൻ ജനങ്ങളെയും അഭിസംബോധന ചെയ്യുന്ന വിശുദ്ധ ഖുർആനിൽനിന്നും വ്യത്യസ്തമായി ബൈബിൾ പഴയ നിയമവും പുതിയ നിയമവും മുഖ്യമായും ഇസ്രാഈലീ ജനതയെയാണ് അഭിസംബോധന ചെയ്യുന്നത്. ഇതുതന്നെ മുഹമ്മദ് നബി(സ)യുടെ ദൗത്യം മുഴുവൻ ജന

തതികൾക്കുമുള്ളതാണെന്നും എന്നാൽ യേശുവും മോശയും ഉൾപ്പെടെ മുഴുവൻ ഇസ്രാഈലീ പ്രവാചകന്മാരുടെയും ദൗത്യം ഇസ്രാഈൽ ഗൃഹത്തിൽ പരിമിതമാണെന്നും വ്യക്തമാക്കുന്നു.

ഇതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു കാര്യമാണ് പ്രവാചകന്മാർക്ക് അവരുടെ പ്രവാചകത്വത്തിന്റെ തെളിവെന്നോണം നൽകപ്പെട്ട അമാനുഷ ദൃഷ്ടാന്തങ്ങളും അവരുടെ ദൗത്യവും തമ്മിലുള്ള ബന്ധം. 'മിറക്ക്ൾ' അഥവാ അത്ഭുതകരവും അമാനുഷവുമായ കാര്യങ്ങൾ ഖുർആനികമായും ബൈബിളനുസരിച്ചും, അത് നൽകപ്പെടുന്ന വ്യക്തിയുടെ പ്രവാചകത്വത്തിനുള്ള വ്യക്തമായ തെളിവാണ്. ആ തെളിവാകട്ടെ വെല്ലുവിളിക്ക് വിധേയവുമാണ്. ആ തെളിവുമായി പ്രവാചകന്മാർ തങ്ങളുടെ നിഷേധികളെ വെല്ലുവിളിക്കുകയും ചെയ്യുന്നു. അപ്പോൾ, ഒരു അമാനുഷ കൃത്യത്തിലൂടെയോ ദൃഷ്ടാന്തത്തിലൂടെയോ പ്രവാചകന്മാരിലൂടെ വെല്ലുവിളിക്കപ്പെടുന്ന ജനതക്കെല്ലാം ആ അമാനുഷ കൃത്യവും ദൃഷ്ടാന്തവും കാണാനും അനുഭവിക്കാനും അത് വെല്ലുവിളിയായി സ്വീകരിക്കാനുമുള്ള തുല്യമായ അവസരം നൽകപ്പെടുകതന്നെ വേണം. അല്ലാത്തപക്ഷം പ്രവാചകന്റെ ദൗത്യം തെളിവായി സമർപ്പിക്കപ്പെട്ട ആ അമാനുഷ കൃത്യത്തിന്റെ അഥവാ ദൃഷ്ടാന്തത്തിന്റെ പ്രഥമ സംബോധിതരിലേക്കും അവരുടെ കാലത്തേക്കും സ്ഥലത്തേക്കും സ്വാഭാവികമായും പരിമിതപ്പെടുന്നു. ഒരു അമാനുഷ കൃത്യം ദൃഷ്ടിഗോചരമാവുമ്പോൾ മാത്രമാണ് ദൃഷ്ടാന്തമാവുന്നത്. ആ ദൃഷ്ടാന്തം വെല്ലുവിളിക്കുകയും വെല്ലുവിളിക്ക് വിധേയമാവാൻ തയാറാകുകയും അങ്ങനെ അജയ്യത സ്ഥാപിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് 'തെളിവ്' എന്ന തലത്തിലേക്ക് ഉയരുന്നത്. ആയതിനാൽ, നമ്മെ പോലുള്ള പിൽക്കാല തലമുറയെ സംബന്ധിച്ചേടത്തോളം യേശുവും മോശയും പോലുള്ള പ്രവാചകൻമാർ, ജനങ്ങൾ അവരുടെ പ്രവാചകത്വത്തിൽ വിശ്വസിക്കേണ്ടതിനു തെളിവായി അമാനുഷ ദൃഷ്ടാന്തങ്ങൾ കാണിച്ചുവെങ്കിൽ, പിൽക്കാലക്കാർക്കും അതുപോലെ വിശ്വസിക്കാൻ തെളിവായി ആ അമാനുഷ കാര്യങ്ങൾ എവിടെയെന്ന് ന്യായമായും ചോദിക്കാവുന്നതാണ്.

അവരുടെ പ്രവാചകത്വത്തിലും ചിലരിൽ ആരോപിക്കപ്പെടുന്ന ദിവ്യത്വത്തിലും വിശ്വസിക്കാൻ പിൽക്കാല തലമുറ ബാധ്യസ്ഥരാണെങ്കിൽ സ്വാഭാവികമായും അവർ അവരുടെ അവകാശവാദത്തിന് തെളിവായിക്കൊണ്ടുവന്ന ദൃഷ്ടാന്തങ്ങൾ യഥാർഥമോ അയഥാർഥമോയെന്ന് പരിശോധിക്കുന്നതിനു വേണ്ടി അവരുടെ സമകാലികർക്കു കിട്ടിയതു പോലുള്ള അവസരം പിൽക്കാലക്കാർക്കും കിട്ടേണ്ടതല്ലേ? അവരുടെ പ്രവാചകത്വം സ്ഥാപിക്കുന്ന തെളിവും ഇല്ലെങ്കിൽ പിൽക്കാലക്കാരോട് അവരുടെ പ്രവാചകത്വത്തിലും ആരോപിക്കപ്പെടുന്ന ദിവ്യത്വത്തിലും വിശ്വസിക്കാൻ ആവശ്യപ്പെടുന്നത് ന്യായമല്ല. അതല്ലെങ്കിൽ പിൽക്കാല തലമുറ, പ്രവാചകന്മാരിലും അവരിൽ ചിലരിൽ ആരോപിക്കപ്പെടുന്ന ദിവ്യത്വത്തിലും വിശ്വസിക്കുന്നതിനു മുമ്പ് അവരുടെ അമാനുഷ കൃത്യങ്ങളിൽ വിശ്വസിക്കണം. ഇവിടെ അമാനുഷ കൃത്യങ്ങളെന്നത് ഒരു തെളിവിന്റെ സ്ഥാനത്തുനിന്ന് തിരസ്കൃതമാവുകയും അതിന്റെ പിന്നിലെ ന്യായത്തെ നിഷേധിക്കുകയും സത്യത്തിന് യഥാർഥത്തിലുണ്ടാവേണ്ടിയിരുന്ന വെല്ലുവിളി സ്വഭാവത്തെ ഇല്ലാതാക്കുകയും അത് കേവലമായ മറ്റൊരു വിശ്വാസ സംഹിതയുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുകയാണ്.

> മുഹമ്മദ് നബിക്കുശേഷം അവസാനംവരെ വരാനുള്ള മുഴുവൻ കാലക്കാർക്കും അദ്ദേഹത്തിന്റെ സമകാലികർക്കും അമാനുഷികത ഒരു പോലെ അനുഭവിക്കാവുന്നതും വെല്ലുവിളിയായി സ്വീകരിക്കാവുന്നതുമായ വിശുദ്ധ ഖുർആനെന്ന നിസ്തുലമായ ഗ്രന്ഥം മാത്രമാണ് മുഹമ്മദ് നബിക്ക് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ തെളിവും ദൃഷ്ടാന്തവുമായി നൽകിയത്. ഇതര പ്രവാചകരെ പോലെ തന്റെ സമകാലികർക്കു മാത്രം അനുഭവിക്കാവുന്ന മറ്റെന്തെങ്കിലും കഴിവുകളോ കാര്യങ്ങളോ ആയിരുന്നു മുഹമ്മദ് നബിക്കും ദൃഷ്ടാന്തമായി നൽകിയിരുന്നതെങ്കിൽ അദ്ദേഹം നിശ്ചിതകാലത്തേക്കും നിശ്ചിത പ്രദേശത്തേക്കും നിശ്ചിത സമൂഹത്തിലേക്കും മാത്രം പരിമിതമായേനെ.

ഇസ്‌ലാമിക വീക്ഷണകോണിലൂടെ നോക്കുമ്പോൾ ഒരു പ്രവാചകന്റെ ദൗത്യ സ്വഭാവത്തിനും അദ്ദേഹത്തിന്റെ അമാനുഷ കാര്യങ്ങളുടെ സ്വഭാവത്തിനുമിടയിൽ ബന്ധമുണ്ട്. ഒരു പ്രവാചകന് നൽകപ്പെടുന്ന അമാനുഷ ദൃഷ്ടാന്തം (മുഅ്ജിസത്ത്) അല്ലെങ്കിൽ ദൃഷ്ടാന്തങ്ങൾ ഒരു തെളിവെന്ന നിലയിൽ ഒരു നിശ്ചിത സ്ഥലത്തിനും കാലത്തിനും സമൂഹത്തിനും പരിമിതമാണെങ്കിൽ ആ പ്രവാചകന്റെ ദൗത്യം ആ സമൂഹത്തിലും ആ കാലത്തിലും പരിമിതമായിരിക്കും. യേശുവും മോശയുമുൾപ്പെടെ മുഹമ്മദ് നബിക്കുമുമ്പ് ആഗതരായ പ്രവാചകന്മാരുടെയെല്ലാം ദൗത്യം അവരുടെ കാലത്തിനും സ്ഥലത്തിനും സമൂഹത്തിനും പരിമിതമായതിനാലായിരുന്നു അവർക്കൊക്കെ വടിയും പ്രകാശിക്കുന്ന കൈയും പാറയിൽനിന്നുള്ള ഒട്ടകവും ദൈവാനുമതിയോടെ സ്പർശനം കൊണ്ട് അന്ധതയും പാണ്ട് രോഗവും മാറ്റലും അഞ്ചുമത്സ്യംകൊണ്ട് അയ്യായിരം പേരെ ഊട്ടലും, മരിച്ചവനെ ജീവിപ്പിക്കലും അമാനുഷ ദൃഷ്ടാന്തങ്ങളായി നൽകപ്പെട്ടത്. ഇത്തരം അമാനുഷ കൃത്യങ്ങളും ദൃഷ്ടാന്തങ്ങളും പിൽക്കാലക്കാർക്ക് പ്രവാചകത്വത്തിൽ വിശ്വസിക്കാനുള്ള തെളിവാകുന്നില്ല. പിൽക്കാലത്ത് മറ്റൊരു തെളിവുമായി വരുന്ന പ്രവാചകനാണ് ഈ പൂർവ പ്രവാചകരെ സത്യപ്പെടുത്തുന്നത്. പിന്നെ ആ തെളിവിന്റെ അഥവാ പിൽക്കാല പ്രവാചകന്റെ പ്രവാചകത്വത്തിനു വേണ്ടി നൽകപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുമ്പോൾ ആ പ്രവാചകൻ സത്യപ്പെടുത്തുന്ന ഇതര പ്രവാചകരിലും നമുക്ക് ന്യായമായും വിശ്വസിക്കാൻ സാധിക്കുന്നു. ഇതുകൊണ്ടു തന്നെയായിരിക്കണം ഇനി വരാനിരിക്കുന്ന മുഴുവൻ കാലത്തേക്കുമുള്ള പ്രവാചകനായി ദൈവം മുഹമ്മദിനെ തെരഞ്ഞെടുത്തപ്പോൾ, ശത്രുക്കൾ തെളിവായി പൂർവകാല പ്രവാചകർക്ക് നൽകപ്പെട്ടതു പോലുള്ള അമാനുഷ ദൃഷ്ടാന്തങ്ങൾക്ക് ശഠിച്ചിട്ടു പോലും വിശുദ്ധഖുർആൻ ഒഴികെ അത്തരത്തിലുള്ള ഒരു ദൃഷ്ടാന്തവും പ്രവാചകത്വത്തിന്റെ തെളിവായി നൽകാതിരുന്നത്. മുഹമ്മദ് നബിക്കുശേഷം അവസാനംവരെ വരാനുള്ള മുഴുവൻ കാലക്കാർക്കും അദ്ദേഹത്തിന്റെ സമകാലികർക്കും അമാനുഷികത ഒരു പോലെ അനുഭവിക്കാവുന്നതും വെല്ലുവിളിയായി സ്വീകരിക്കാവുന്നതുമായ വിശുദ്ധ ഖുർആനെന്ന നിസ്തുലമായ ഗ്രന്ഥം മാത്രമാണ് മുഹമ്മദ് നബിക്ക് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ തെളിവും ദൃഷ്ടാന്തവുമായി നൽകിയത്. ഇതര പ്രവാചകരെ പോലെ തന്റെ സമകാലികർക്കു മാത്രം അനുഭവിക്കാവുന്ന മറ്റെന്തെങ്കിലും കഴിവുകളോ കാര്യങ്ങളോ ആയി

രുന്നു മുഹമ്മദ് നബിക്കും ദൃഷ്ടാന്തമായി നൽകിയിരുന്നതെങ്കിൽ അദ്ദേഹം നിശ്ചിതകാലത്തേക്കും നിശ്ചിത പ്രദേശത്തേക്കും നിശ്ചിത സമൂഹത്തിലേക്കും മാത്രം പരിമിതമായേനെ. ഒരു ഗ്രന്ഥം നൽകുക മാത്രമല്ല, മറിച്ച് അത് മുമ്പിൽവെച്ച് ദൈവം മുഹമ്മദിന്റെ പ്രവാചകത്വം മനുഷ്യധിഷണക്ക് ബോധ്യം വരുത്തുന്നതിനു വേണ്ടി മുഴുവൻ മനുഷ്യരാശിയേയും സൃഷ്ടിലോകത്തെയും വെല്ലുവിളിക്കുകയും ചെയ്തു (ഖുർആൻ 2:23). ഇത് ആ ഗ്രന്ഥത്തെ അന്യൂനമായി അന്ത്യനാൾവരെ പ്രസക്തമാക്കിത്തീർത്തു. ഗ്രന്ഥരൂപത്തിലുള്ള അമാനുഷ ദൃഷ്ടാന്തം പ്രവാചകത്വത്തിനുള്ള തെളിവായി നൽകുക മാത്രമല്ല, അതിന്റെ അന്ത്യനാൾവരെയുള്ള സുരക്ഷിതത്വത്തെ സംബന്ധിച്ച ഗ്യാരന്റി നൽകുക മുഖേന മുഹമ്മദിന്റെ പ്രവാചക ദൗത്യത്തെ അവസാനകാലം വരെയുള്ള മനുഷ്യനും തെളിവു സഹിതം സ്വീകരിക്കാവുന്നതാക്കിത്തീർക്കുകയും മുഹമ്മദിനുശേഷം ദൈവത്തിൽനിന്നുള്ള മറ്റൊരു സന്ദേശവാഹകന്റെ ആവശ്യമോ പ്രസക്തിയോ ഇല്ലാതാക്കി തീർക്കുകയും ചെയ്തു. ഇതര പ്രവാചകർക്ക് അവരുടെ പ്രവാചകത്വത്തിന്റെ തെളിവായി നൽകപ്പെട്ട ദൃഷ്ടാന്തങ്ങൾ ധിഷണാപരമായി വളർന്നിട്ടില്ലാത്ത തലമുറകളിലേക്കു മാത്രമായതിനാൽ മുഖ്യമായും മനുഷ്യേന്ദ്രിയങ്ങൾക്ക് കൗതുകകരമായതായിരുന്നു. എന്നാൽ മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഏക അമാനുഷ ദൃഷ്ടാന്തമായ വിശുദ്ധ ഖുർആൻ വിവിധ രൂപേണ മനുഷ്യ ധിഷണയോട് സംവദിക്കുന്നതാണ്.



ഇതര പ്രവാചകർക്ക് അവരുടെ പ്രവാചകത്വത്തിന്റെ തെളിവായി നൽകപ്പെട്ട ദൃഷ്ടാന്തങ്ങൾ ധിഷണാപരമായി വളർന്നിട്ടില്ലാത്ത തലമുറകളിലേക്കു മാത്രമായതിനാൽ മുഖ്യമായും മനുഷ്യേന്ദ്രിയങ്ങൾക്ക് കൗതുകകരമായതായിരുന്നു. എന്നാൽ മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഏക അമാനുഷ ദൃഷ്ടാന്തമായ വിശുദ്ധ ഖുർആൻ വിവിധ രൂപേണ മനുഷ്യ ധിഷണയോട് സംവദിക്കുന്നതാണ്.

ഇതര പ്രവാചകന്മാർ പ്രവാചകരായിരുന്നുവെന്നതിന് നിലവിലുള്ള തെളിവ്, മുഹമ്മദ് നബിക്ക് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് തെളിവായി നൽകപ്പെട്ട ആ അമാനുഷ ഗ്രന്ഥം -വിശുദ്ധ ഖുർആൻ- മുൻ പ്രവാചകരെ മനുഷ്യരായ പ്രവാചകരായി പരിചയപ്പെടുത്തുകയും പരാമർശിക്കുകയും ചെയ്യുന്നുവെന്നതും ചരിത്രത്തിന്റെ പൂർണ വെളിച്ചത്തിൽ മനുഷ്യ മനസ്സിൽ ജീവിക്കുന്ന പ്രവാചകനായ മുഹമ്മദ്(സ) തനിക്ക് മുമ്പ് ആഗതരായ പ്രവാചകന്മാരെ സത്യപ്പെടുത്തിയിരിക്കുന്നുവെന്നതുമാണ്. അതുകൊണ്ടുതന്നെ മുഹമ്മദ് നബിക്ക് മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരിൽ ബുദ്ധിപരമായും ശരിയായും വിശ്വസിക്കാനുള്ള മാർഗവും തെളിവും വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും മാത്രമാകുന്നു. ■